പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1298

31/10/2019-ൽ മറുപടിയ്ക്ക്

**മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം**

ചോദ്യം

ശ്രീ.മുരളി പെരുനെല്ലി

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) മണലൂർ മണ്ഡലത്തിൽ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നിർമ്മിക്കുന്ന മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടനിർമ്മാണം കരാറുകാരന്റെ അനാസ്ഥ മൂലം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. കെട്ടിട നിർമ്മാണം താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കരാർ ചുമതലയുള്ള ശ്രീശൈലം ഗ്രൂപ്പ് പ്രസ്തുത നിർമ്മാണം നിധി എന്റർപ്രൈസസ് എന്ന നിർമ്മാണ കമ്പനിക്ക് സബ്കോൺട്രാക്റ്റ് നൽകി നിർമ്മാണ പ്രവൃത്തി എത്രയും വേഗം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കെട്ടിടനിർമ്മാണം എന്ന് പൂർത്തീകരിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത കെട്ടിടത്തിന്റെ ഇതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (ബി) 2019-20 അദ്ധ്യയന വർഷം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ജി.എച്ച്.എസ്.എസ് മുല്ലശ്ശേരി സ്കൂൾ കെട്ടിടത്തിന്റെ ഫൗണ്ടേഷനിൽ 100% മരാമത്ത് പണികളും, പില്ലറുകളുടെ 50% പണികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. |

Namitha.P

**സെക്ഷൻ ഓഫീസർ**